# പൗരോഹിത്യവും ആത്മീയതയും വെല്ലുവിളികൾ നേരിടുന്നു: മാർ കൂറിലോസ്

റാന്നി: ക്രിസ്തീയ പൗരോഹിത്യവും ആത്മീയതയും വെല്ലുവിളികൾ നേരിടുകയാണെന്ന് ആർച്ച് ബിഷപ് ഡോ. തോമസ് മാർ കൂറിലോസ് പറഞ്ഞു. ഇതിനെ അതിജീവിക്കാനുള്ള ശക്തി സഭാധ്യക്ഷന്മാർക്ക് വിശ്വാസികൾ പകർന്നു നൽകണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

റാന്നി കുറ്റിയാനി സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയിൽ നവാഭിഷിക്ത മെത്രാപ്പൊലീത്തമാർക്ക് നൽകിയ സ്വീകരണ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ദൈവത്തിന്റെ വചനവും സത്യവും ഉൾക്കൊള്ളണം. ആത്മാവിൽ നിറഞ്ഞു നിൽക്കുന്ന അറിവും ലാളിത്യവും ജീവിതത്തിൽ പ്രകടമാക്കണം. എല്ലാറ്റിനോടും ദൈവതുല്യമായ സമീപനവും ബന്ധവും കാത്തു സൂക്ഷിക്കാൻ വിശ്വാസികൾക്കും കഴിയണമെന്ന് ആർച്ച് ബിഷപ് പറഞ്ഞു.

ഡോ. ഏബ്രഹാം മാർ എപ്പിഫാനിയോസ്, വികാരി ഫാ. വർഗീസ് മാത്യു, ടി. എസ്. അലക്സാണ്ടർ എന്നിവർ പ്രസംഗിച്ചു.

നേരത്തെ വാദ്യമേളങ്ങൾ, മുത്തുക്കുടകൾ എന്നിവയുടെ അകമ്പടിയോടെ ചരുവിൽപടി കുരിശടിയിൽ നിന്നു ഡോ. യുഹാനോൻ മാർ ദിയസ്കോറോസ്, മാത്യൂസ് മാർ തേവോദോസിയോസ്, ഡോ. ഏബ്രഹാം മാർ എപ്പിഫാനിയോസ്, ഡോ. മാത്യൂസ് മാർ തിമോത്തിയോസ് എന്നിവരെ സ്വീകരിച്ചു.